1. ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുക.
2. തടവുകാർക്കുള്ള വിവിധ തൊഴിൽ പരിശീലന പദ്ധതികൾ.
3. മൂന്ന് സെൻട്രൽ ജയിലുകളിൽ ആധുനിക സൗകര്യങ്ങളുള്ള ഇന്റർവ്യൂ ഹാൾ നിർമ്മിക്കുക.
4. മൂന്ന് സെൻട്രൽ ജയിലുകളിലും രണ്ട് ഇതര ജയിലുകളിലും യോഗ ഉൾപ്പെടെയുള്ള വിവിധ കായിക പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുക.
5. മൂന്ന് സെൻട്രൽ ജയിലുകളിലും എല്ലാ മതവിഭാഗങ്ങളിലുംപെട്ട തടവുകാർക്കായി പ്രാർത്ഥനാ ഹാളുകൾ നിർമ്മിക്കുക.

മേൽപ്പറഞ്ഞ രണ്ട് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതികൾക്ക് പുറമെ പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്ന തവന്നൂർ സെൻട്രൽ ജയിൽ, പാലക്കാട് ജില്ലാ ജയിൽ, മുട്ടം ജില്ലാ ജയിൽ, ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിൽ എന്നീ പുതിയ ജയിലുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) തടവുകാർക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, തടവുകാരുടെ ബാഹ്യല്യം മൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക, ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സാമൂഹ്യ ജീവിതത്തിന് പര്യാപ്തരാക്കുക, ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

കൃഷ്ണപിള്ള സ്മാരകം തകർത്തത് സംബന്ധിച്ച കേസ്

220 (3732) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ പി. കൃഷ്ണപിള്ള സ്മാരകം തകർത്തതു സംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ കഞ്ഞിക്കുഴി വില്ലേജിൽ പെരുംതുരുത്തി മുറിയിൽ കണ്ണർകാട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സഖാവ് കൃഷ്ണപിള്ള സ്മാരക മന്ദിരവും അനുബന്ധമായി സ്ഥാപിച്ചിരുന്ന പ്രതിമയും 31-10-2013 പുലർച്ചെ 1.30-ന് ഭാഗികമായി നശിപ്പിച്ചതുമായി ബന്ധപ്പെട്ട് മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം നമ്പർ 720/2013 U/s. 153, 447, 427, 436 IPC കേസിന്റെ തുടരന്വേഷണം ക്രൈം ബ്രാഞ്ച് STATS വിഭാഗം പോലീസ് സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. ആയത് 425/CR/STATS/2013 U/s. 153, 447, 427, 436, 120(b) IPC നമ്പരായി അന്വേഷണം നടത്തിവരവെ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം കൂടുതൽ തെളിവുകൾ സമാഹരിക്കുന്നതിനായി സൂപ്രണ്ട് ഓഫ് പോലീസ് STATS-ന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ക്രൈം എ.ഡി.ജി.പി. യുടെ മേൽനോട്ടത്തിൽ ഫലപ്രദമായി അന്വേഷണം നടത്തിവരുന്നു.

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് നാളിതുവരെ അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ലതീഷ് ബി. ചന്ദ്രൻ, മുഹമ്മ, ആലപ്പുഴ
2. സാബു, കഞ്ഞിക്കുഴി, ആലപ്പുഴ
3. ദീപു, കഞ്ഞിക്കുഴി, ആലപ്പുഴ
4. രാജേഷ്, കഞ്ഞിക്കുഴി, ആലപ്പുഴ
5. പ്രമോദ്, മുഹമ്മ, ആലപ്പുഴ

രൂപേഷിന്റെ ചികിത്സാ ചെലവ്

221 (3733) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസറായി ജോലി ചെയ്തുവരവെ വാഹനാപകടത്തിൽ അതീവഗുരുതരാവസ്ഥയിൽ 9 മാസം അബോധാവസ്ഥയിൽ ചികിത്സയിൽ കഴിയവെ 20 ലക്ഷം രൂപയിലധികം ചികിത്സയ്ക്ക് ചെലവായി മരണപ്പെട്ട രൂപേഷിന്റെ കുടുംബത്തിന് ചികിത്സയ്ക്ക് ചെലവായ തുക ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് രൂപേഷിന്റെ അമ്മ ശ്രീമതി ടി. ശകുന്തള നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ചികിത്സാച്ചെലവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?